Draft #2 of File 82126/ACB5 SO/2021/AC B 5 Approved by ASSISTANT REGISTRAR I (ACADEMIC) on 04-Jun-2021 12:07 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്വകാര്യ എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റ അംഗീകാര ശുപാർശകൾ സർവകലാശാലയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച മാർഗനിർദേശങ്ങൾ - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് ബി 5 സെക്ഷൻ**

നമ്പർ. 2591/AC B 5/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 04.06.2021

---

*പരാമർശം:*-1.08.05.2021 തീയതിയിലെ 2352/ACB5/2021/ എം ജി യു നമ്പർ സർവകലാശാല ഉത്തരവ്

2.23.05.2021 തീയതിയിലെ 2504/ACB5/2021/ എം ജി യു നമ്പർ സർവകലാശാല ഉത്തരവ്

3. 24.05.2021 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിൻ്റെ മിനിറ്റ്സ് ഇനം നമ്പർ OA.04/21.02/82126/ACB5SO/2021

**ഉത്തരവ്**

സ്വകാര്യ എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റ അംഗീകാര ശുപാർശകൾ സർവകലാശാലയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് 21.04.2021 ൽ കൂടിയ അഫിലിയേഷനും അപ്രൂവലിനും വേണ്ടിയുള്ള സിൻഡിക്കേറ്റ് ഉപസമിതി യോഗ തീരുമാന പ്രകാരം സൂചന (1 ) ഉത്തരവും തുടർന്ന് വൈസ് ചാൻസലറുടെ 19.05.2021 ലെ ഉത്തരവിനെ തുടർന്ന് സൂചന (2) ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ 24.05.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം സൂചന (3) പ്രകാരം താഴെ പറയുന്ന തീരുമാനമെടുത്തു.

"സർവകലാശാലയുടെ നിയമനാംഗീകാരമുള്ള പ്രിൻസിപ്പൽമാരുടെ അഭാവത്തിൽ യു.ജി.സി. റഗുലേഷൻസ് അനുശാസിക്കുന്ന യോഗ്യതയുള്ളവരെ പ്രിൻസിപ്പൽമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ആയത് പൂർത്തിയാകുന്നതുവരെ അതത് കോളേജുകളിലെ ഏറ്റവും മുതിർന്ന അദ്ധ്യാപകരെ പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ആയി നിയമിക്കുന്നതിനുള്ള നടപടികൾ 2020 ജൂൺ 30-നു മുൻപ് പൂർത്തീകരിക്കേണ്ടതാണെന്നും മാനേജർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇത്തരത്തിൽ കോളേജുകളിലെ മുതിർന്ന അദ്ധ്യാപകനെ പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ആയി നിയമിക്കുന്നതിന് മാനേജ്മെന്റുകളുടെ ഭാഗത്ത് നിന്നും വലിയ തരത്തിൽ കാലവിളംബം ഉണ്ടാകുന്നതിനാൽ പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട ഫയലുകൾ സർവ്വകലാശാലയിലേക്ക് സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുള്ള സാഹചര്യത്തിൽ താഴെ പറയുന്ന നിർദേശങ്ങൾക്ക് അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

1.സർവ്വകലാശാല മാനദണ്ഡങ്ങളനുസരിച്ച് പ്രിൻസിപ്പൽ നിയമനം നടത്തിയതിനുശേഷം പ്രസ്തുത നിയമനം അംഗീകരിക്കുന്നതിനായി സർവ്വകലാശാലയെ സമീപിച്ചിട്ടുള്ള കോളേജുകൾക്ക് പ്രിൻസിപ്പലായി നിയമനം നൽകിയിട്ടുള്ള അദ്ധ്യാപകന് തങ്ങളുടെ കോളേജിലെ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റഫയലുകൾ സർവ്വകലാശാലയ്ക്ക് സമർപ്പിക്കാവുന്നതാണ്.

2.പ്രിൻസിപ്പൽ തസ്തികയിലേക്ക് സ്ഥിരനിയമനവും പ്രിൻസിപ്പാൾ-ഇൻ -ചാർജ്ജ് നിയമനവും നടത്തിയിട്ടില്ലാത്ത കോളേജുകളിൽ മൂന്ന് മാസങ്ങൾക്കുള്ളിൽ പ്രിൻസിപ്പൽ നിയമനത്തിനുള്ള നടപടികൾ പൂർത്തീകരിച്ചു കൊള്ളാമെന്നും ഇതിൽ കാലതാമസം വരുന്ന പക്ഷം സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് പ്രകാരം പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ആയി ഏറ്റവും മുതിർന്ന അദ്ധ്യാപകന് ചുമതല നൽകാമെന്നുള്ള നിർദ്ദിഷ്ട കോളേജിന്റെ മാനേജരുടെ സത്യവാങ് മൂലം സഹിതം തങ്ങളുടെ കോളേജിലെ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച ഫയലുകൾ കോളേജ് മാനേജർക്ക് സർവ്വകലാ ശാലയിൽ സമർപ്പിക്കാവുന്നതാണ്.

08.05.2021 ലെ 2352/ACB5/2021/ എം ജി യു നമ്പർ സർവകലാശാല ഉത്തരവ് മേൽ പ്രതിപാദിച്ച പ്രകാരം ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു."

തദനുസരണം സൂചന (1) ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽ മാർക്കും.( ഇ മെയിൽ മുഖേന)
2.വി സി യുടെ / പി വി സി യുടെ പി എസ്
3.രജിസ്ട്രാറുടെ പി എ
4.എ സി സി 1 / എ സി സി 2
5.കണ്ടൻറ് മാനേജ്മെന്റ് / പി ആർ ഒ
6.ഐ ക്യൂ എ സി
7.റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 82126/ACB5 SO/2021/AC B 5 Approved by ASSISTANT REGISTRAR I (ACADEMIC) on 04-Jun-2021 12:07 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം